**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കായികമേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ കായികമേളകളുടെ നടത്തിപ്പിനായി ചെലവാകുന്ന തുക എപ്രകാരമാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ കായികമേളയുടെ നടത്തിപ്പിനായി അത്ലറ്റിക് ഫണ്ട് ഇനത്തിൽ 9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും തുക പിരിച്ചു വരുന്നു. 9, 10 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും 15/- രൂപ വീതവും ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ ഓരോ കുട്ടിയിൽ നിന്നും75/-രൂപ ക്രമത്തിൽ കായിക പ്രവർത്തനങ്ങൾക്കായി വാങ്ങുന്നുണ്ട് . പ്രസ്തുത തുകയിൽ നി ന്നും സ്കൂളുകളിൽ കായികമേള നടത്തുന്നതിനായി സ്കൂൾ വിഹിതമായി 21/- രൂപ വിനിയോഗിക്കുന്നു. |
| (ബി) | ഇതിനായി ഫീസ് പിരിക്കാറുണ്ടെങ്കിൽ പ്രസ്തുത ഫീസിൽ നിന്ന് സ്കൂൾ , ജില്ലാ, സംസ്ഥാനതല കായിക മേള നടത്തിപ്പിനായി എപ്രകാരമാണ് തുക വിനിയോഗിച്ചിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | 9, 10 ക്ലാസ്സുകളിലെ ഓരോ കുട്ടിയിൽ നിന്നും പിരിക്കുന്ന 15 രൂപയിൽ സബ് ജില്ലാ വിഹിതമായി 12 രൂപയും, ജില്ലാ വിഹിതമായി 2/- രൂപ ക്രമത്തിലും, സംസ്ഥാനതല വിഹിതമായി 11/- രൂപ ക്രമ ത്തിലുമാണ് പിരിക്കുന്നത്. ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ ഓരോ കുട്ടിയിൽ നിന്നും പിരിക്കുന്ന 75/- രൂപയിൽ സ്കൂൾ തല കായിക മത്സരങ്ങൾ ക്കായി 21/-രൂപ ക്രമത്തിലും, സബ് ജില്ലാ തല കായിക മത്സരങ്ങൾക്കായി 12 രൂപയും, ജില്ലാ തല വിഹിതമായി 15/- രൂപ ക്രമത്തിലും സംസ്ഥാനതല കായികമേളക്കായി 27/- രൂപ ക്രമത്തിലുമാണ് പിരിക്കുന്നത്.കൂടാതെ, കേരളാ സ്കൂൾ കായിക പ്രവർത്തനങ്ങൾക്കായി 2202-02-109-61 plan (അസിസ്റ്റൻസ് ടു ഡി.ജി.ഇ) എന്ന പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഒരു വിഹിതം സബ് ജില്ലാതല, ജില്ലാ തല,, സംസ്ഥാനതല കായിക മത്സരങ്ങൾക്കായി അനുവദിക്കുന്നുണ്ട്. |
| (സി) | ഇനിമുതൽ കായികമേള നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് പുതിയ രീതി കൊണ്ടുവന്നിട്ടുണ്ടോ; | (സി) | പുതിയ രീതി ആവിഷ്കരിക്കുന്നത് പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | എങ്കിൽ ആയത് പ്രകാരം സ്കൂൾതല കായിക മേളകൾ നടത്തുന്നതിന് എപ്രകാരമാണ് പണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ